

തിരുവിതാംകോട്ട സർക്കാർ ഗസെററ

PUBLISHED BY AUTHORITY EVERY TUESDAY

ഉത്തരവിൻ പ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്

VOL. XLI.] TRIVANDRUM TUESDAY FEBRUARY 3, 1903. / THYE 21, 1078. NO. 5.

വാല്യം ൪൧. തിരുവനന്തപുരം ൧൯൦൩ ഫെബ്രുവരി ൩ / ൧൦൭൮ മകരം ൨൧ ചൊവ്വാഴ്ച നംബർ ൫.

CONTENTS

Supplements.

സപ്ലിമെൻറുകൾ.

Part I.

Appointments.

V. Muthukrishna Aiyer, in charge Stamps and Stationery, is appointed Superintendent, Huzur English Records, *vice* Mr. S. D. Sawyer deceased.

Resumption of Charge.

REVENUE AND MAGISTRACY.

M. R. Ry. C. M. Madhavan Pillai Avergal, B. A., Dewan Peishcar and District Magistrate, Trivandrum Division, returned from special duty and resumed charge of his duties on 4th Thye 1078.

REGISTRATION DEPARTMENT.

M. R. Ry. M. R. Krishna Row Avergal, Director of Registration, returned from special duty and resumed charge of his duties on 9th Thye 1078.

നിയമനം

മരിച്ചുപോയ മിസ്റ്റർ എസ്. ഡി. സായറിനു പകരം സ്റ്റാമ്പും സ്റ്റേഷനറിയും ഡിപ്പാർട്ടുമെന്റിൽ ഇൻചാർജ് വി. മുത്തുകൃഷ്ണയ്യരെ ഹജൂർ റിക്കാർട്ടു സൂപ്രണ്ടായി നിയമിച്ചിരിക്കുന്നു.

തിരിച്ചു ചാർജ്ജ വിവരങ്ങൾ

തിരുവനന്തപുരം ഡിവിഷൻ ദിവാൻ പേഷ്കാരും ഡിസ്ട്രിക്ട് മജിസ്ത്രേട്ടുമായ മ. രാ. രാ. സി. എം. മാധവൻപിള്ള അവർകൾ ൧൦൭൮ തൈമാസം ൪-൹ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിന്നും തിരിച്ചു വന്നു ചാർജ്ജു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

രജിസ്ത്രേഷൻ ഡയറക്ടർ മ. രാ. രാ. എം. ആർ. കൃഷ്ണറാവു അവർകൾ ൧൦൭൮ തൈ ൯-൹ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിന്നും തിരിച്ചു വന്നു ചാർജ്ജു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

No. A. 113.

Huzur Cutcherry,
Trivandrum, 24th January 1903.

Circular.

All public servants are bound to receive genuine silver chuckrums in payment of taxes or other Government demands.

2. Sub-treasuries should not return to any Court or Officer silver chuckrums received from such Court or Officer, on the ground that they are not genuine, without special orders from the Huzur.

3. To enable the Dewan to decide whether suspected coins are genuine or not they should be sent by the sub-treasuries to the Huzur Treasury secured in a separate bag sealed with the seals of the sub-treasury and of the public servant who brought them to the sub-treasury. A label should be attached to each bag stating the number of coins therein, and the name of the office from which they were received and it should be initialled or signed by the sub-treasury cashkeeper and the public servant producing the same.

K. KRISHNASWAMY RAO,
Dewan.

സർക്യൂലർ.

സർക്കാർ കരം ഒടുക്കുന്നതിലൊ സർക്കാരിലേക്ക ചെല്ലുവാനുള്ള മറ്റു കാര്യങ്ങൾക്കൊ ആയി വ്യാജമല്ലാത്ത വെള്ളി ചക്രങ്ങളെ എല്ലാ സർക്കാർ ജീവനക്കാരും സ്വീകരിക്കേണ്ടതാകുന്നു.

വല്ല കോർട്ടിലൊ ഉദ്യോഗസ്ഥന്റെ പക്കലൊ നിന്നു വരുന്ന വെള്ളി ചക്രങ്ങളെ കീഴ് ഖജാനാ മുതൽപിടിക്കാർ കള്ളനാണയങ്ങളാണെന്നുള്ള കാരണത്തിന്മേൽ അവയെ അയച്ച കോർട്ടിലേക്കൊ ഉദ്യോഗസ്ഥന്നൊ ഹജൂരിലെ പ്രത്യേകമായ ഉത്തരവു കൂടാതെ മടക്കി കൊടുത്തുകൂടാത്തതാകുന്നു.

കീഴ് ഖജനാ മുതൽപിടിക്കാർ സംശയപ്പെട്ട കാരണന്ന നാണയങ്ങളെ പ്രത്യേകം ഒരു മടിശ്ശീലയിൽവച്ചു കെട്ടി അവയെ ആ ഖജനാവിലെക്ക കൊണ്ടുവന്ന സർക്കാർ ജീവനക്കാരുടെയും ആ ഖജനാവിലെയും മുദ്രകൾവച്ചു അവയുടെ വാസ്തവ സ്ഥിതിയെ നിശ്ചയിക്കുന്നതിലെക്കായി ഹജൂർ ഖജനാവിലെക്ക അയക്കെണ്ടതാകുന്നു.

ഓരൊ മടിശ്ശീലയിലും എത്ര ചക്രങ്ങൾ ഉണ്ടെന്നും അവ ഏതു കച്ചെരിയിൽ നിന്നു വന്നതാണെന്നും ഉള്ള വിവരത്തിനു ഒരു ലെബിൽ എഴുതി അതിൽ ആ കീഴ് ഖജനാ മുതൽപിടിക്കാരനും അവയെ കൊണ്ടുവന്ന സർക്കാർ ജീവനക്കാരനും ഒപ്പിടുകയൊ അടയാളം വയ്ക്കയൊ ചെയ്തു അതിനെ ഓരൊ മടിശ്ശീലയിലും ചെർത്തുവച്ചു അയക്കെണ്ടതാകുന്നു.

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ സി. ഐ. ഇ.

NOTICE.

In pursuance of the notification published on page 553 of the Government Gazette dated the 17th June 1902, the following extract from the employment register of Military Pensioners is published for the information of Heads of Departments.

Huzur Cutcherry,
Trivandrum,
27th January 1903.

For the Dewan,
A. J. VIEYRA,
Chief Secretary to the Dewan.

Extract from the Register of Military Pensioners desirous of obtaining Civil Employment.

Number.	Name.	Company Number.	Battalion.	Battalion Number.	Rank.	Age, when pensioned.	Character.	Date of discharge.	Kind of employment desired.	Pension paying officer.
38.	Sheik Ahmed.	23.	Artillery.	33.	Private.	50.	Very good.	13th March 1893.	Night Watcher, D. P. W. Trivandrum.	Tahsildar, Trivandrum Taluk.

Statement of Coinage in the Sirkar Mint from 9th Meenom 1076 to 11th Makaram 1078.

Denomination.			Number.	Value in Sirkar Rupees.		
				Rs.	Ch.	C.
Silver one fanam pieces	...	...	2,58,135	56,876	4	...
Do. two chuckram do.	...	...	4,73,774	33,841	...	...
Copper one do. do.	...	...	8,72,137	31,147	21	...
Do. eight cash do.	...	...	18,62,898	33,266	1	...
Do. four cash do.	...	...	15,57,600	13,907	4	...
		Total.........	50,24,542	1,49,038	2	...

Huzur Cutchery.
Trivandrum 30th January 1903.

For the Dewan,
A. J. VIEYRA,
Chief Secretary to the Dewan.

സർക്കാർ കമ്മട്ടത്തിൽ [illegible]ാമാണ്ടു മീനമാസം [illegible] മുതൽ [illegible]ാമാണ്ടു മകരമാസം [illegible] വരെ നാണയം അടിപ്പിച്ചിട്ടുള്ള വകകൾ എഴുതിയ സ്റ്റേറ്റുമെന്റു.

ഇനം	എണ്ണം	സർക്കാർ രൂപാ	ചക്രം	കാശ്	[illegible]
വെള്ളി ഒരുപ്പണം	[illegible]	[illegible]	[illegible]	...	
വെള്ളി രണ്ടു ചക്ര നാണയം	[illegible]	[illegible]	...	...	
ഒരു ചക്ര ചെമ്പു ഇട്ട	[illegible]	[illegible]	[illegible]	...	
എട്ടു കാശു ചെമ്പു ഇട്ട	[illegible]	[illegible]	[illegible]	...	
നാലു കാശു ചെമ്പു ഇട്ട	[illegible]	[illegible]	[illegible]	...	
ആകെ	[illegible]	[illegible]	[illegible]	...	

ഹജൂർക്കച്ചേരി,
തിരുവനന്തപുരം
[illegible] മകരം [illegible]

ദിവാൻജി അവർകൾക്കു വേണ്ടി.
ദിവാൻ ചീഫ് സിക്രട്ടറി
എ. ജെ. വിയേറ.

Notification regarding the assumption of land by Government.

നമ്പർ ൩൦൦൪.


ജമാബന്തി രായസം
തിരുവനന്തപുരം.

അറിയിപ്പ്.

പബ്ലിക്ക ആവശ്യങ്ങൾക്കായി കുടികളുടെ പെരിൽ പതിഞ്ഞിട്ടുള്ള വസ്തുക്കളെ സർക്കാരിൽ നിന്നും ഒഴിപ്പിക്കുന്നവകക്കുണ്ടായിട്ടുള്ള ൧൦൬൮ാമാണ്ടത്തെ ൩-ാം റെഗുലെഷൻ ൩-ാം വകുപ്പനുസരിച്ച് തെര്യപ്പെടുത്തുന്നതു.

പത്തനാറു ൻാമത മൈലിൽ നിന്നും കൊട്ടുചിത്ര കടിയിരിപ്പിലെക്ക പൊകുന്ന വരമ്പിനും തെറ്റും പുത്തനാറിന്റെ തെക്കെകരയിൽ നിന്നും വടക്കോട്ടു ഒരു റൊട്ട വെട്ടുന്നതിനു അഴകനാപുരം മാണിക്കവാചകം സുബ്രഹ്മണ്യൻ അനുഭവിച്ചുവരുന്ന അഗസ്തീശ്വരം താലൂക്കിൽ തെരൂർ പ്രവൃത്തിയിൽ തെരൂർ പകുതിയിൽ സർവെ ൩൦൭൨-ാമതു ലക്കം പുരയിടത്തിൽ നിന്നും ൧൫൦൦ ചതുരശ്ര അടിസ്ഥലം സർക്കാരിലെക്ക എടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ൯൭ മകരമാസം ൧൫-

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ. സി. ഐ. ഇ.





Part. II.

Notice of auction sale of contract for the supply of Vegetables &c., for Oottupura

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തിരുനക്കര ക്ഷേത്രത്തിൽ ൧൦൮൭-ാമാണ്ട കുംഭമാസം ൧൫-ാം൹ ശിവരാത്രി അടിയന്തിരം പ്രമാണിച്ച വഴിപാട നടത്തുന്നതിന ആവശ്യമുള്ള സാമാനങ്ങൾ ലേലം വിളിച്ച കുത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കകൊണ്ട ലേലത്തിൽ വിളിച്ചെടുപ്പാൻ മനസ്സുള്ള ആളുകൾ ൟ മകരമാസം ൨൫-ാം൹ പകൽ ൧൨ മണിക്ക ൟ കച്ചേരി മുമ്പാകെ ഹാജരായി ബോധിപ്പിച്ച കൊള്ളണം.

൧. കുത്തകക്ക ലേലത്തിന ഏല്പിടുന്ന ആളുകൾ ഉടമ്പടി എഴുതിവച്ച കുത്തക ശരിയായി നടത്തുമെന്നുള്ള ഉറപ്പിന്നവേണ്ടി ലേലസമയം ൫ രൂപാ ഡെമണി കെട്ടിവെക്കേണ്ടതും അങ്ങിനെ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിന ചേൎക്കുന്നതല്ലാത്തതും ആകുന്നു.

൨. ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ലേലക്കാരൻ മുമ്പു കെട്ടിവച്ചതു ഉൾപ്പെടെ ലേലസംഖ്യയിൽ എട്ടിലൊന്ന കെട്ടിവച്ച ലേലക്കാരന്റെ ചിലവിന്മേൽ മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതിവച്ച കുത്തക നടത്തേണ്ടതും ശേഷം കെട്ടിവച്ചിട്ടുള്ളവരുടെ രൂപാ തിരികെ കൊടുക്കുന്നതുമാണ. ലേലം സ്ഥിരപ്പെടുത്തിയതിന പിന്നെ ഡെമണി കെട്ടിവയ്ക്കാതെയൊ ഉടമ്പടി എഴുതി വെക്കാതെയൊ ഇരുന്നാൽ ആ ലേലത്തിനൊ മറ്റൊ ഉടയാക്കിയതിന ആദ്യം വച്ച രൂപാ സൎക്കാരിലേക്ക മുതൽ കൂട്ടുകയും ആവൎത്തിച്ചുള്ള ലേലത്തിലൊ മറ്റൊ ഉണ്ടാകുന്ന നഷ്ടത്തിന ആദ്യ ലേലക്കാരൻ ഉത്തരവാദി ആകുകയും ചെയ്യുന്നതും അതിൽ ലാഭം ഉണ്ടായാൽ അതിലേക്ക അവകാശം പറഞ്ഞുകൂടാത്തതുമാകുന്നു.

൩. ഏല്പിക്കേണ്ടതായ കൊപ്പുകളുടെയും മറ്റും വിവരങ്ങൾ അറിവാൻ ആരെങ്കിലും ആവശ്യപ്പെടുന്നപക്ഷം കോട്ടയം താലൂക്ക കച്ചേരിയിലൊ തിരുനക്കര ദേവസ്വക്കാരുടെ അടുക്കലൊ ഹാജരായി ബോധിപ്പിച്ചാൽ തെളിയപ്പെടുത്തുന്നതും കുത്തകക്ക ഏല്പിടുന്ന ആളുകളെ സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സൎക്കാരിന്റെ യുക്തംപോലെ ആയിരിക്കുന്നതും ആകുന്നു.

൧൦൮൭-ാമാണ്ട മകരമാസം ൯-ാം൹

ദിവാൻപേഷ്കാർ എസ്. പത്മനാഭയ്യർ.

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

വൈക്കത്തു ക്ഷേത്രത്തിൽ വച്ച ൟ വരുന്ന കുംഭമാസം ൧൭-ാം൹ അഷ്ടമി അടിയന്തിരം പ്രമാണിച്ച സദ്യ ഉൾപ്പെട്ട വകക്ക വേണ്ട കൊപ്പുകൾ കുത്തകക്കൊടുത്തു നടത്തിക്കുന്നതിലേക്ക നിശ്ചയിച്ചു ൟ മാസം ൨൫-ാം൹ പകൽ പത്തു മണിക്ക ലേലത്തിന അവധിവച്ചിരിക്കുന്നു. ലേലം ചെയ്യുന്നതു ൟ കച്ചേരിയിൽ വച്ചാകുന്നു. മനസ്സുള്ളവർ ഹാജരായി അന്നേ ദിവസം ലേലം ചെയ്യുന്നതു ൟ കച്ചേരിയിൽ വച്ചാകുന്നു. മനസ്സുള്ളവർ ഹാജരായി ലേലത്തിൽ ചേരുന്നതിന മുമ്പായി ൫ രൂപാ വീതം വിളിച്ചെടുക്കാമെന്നുള്ളതാകുന്നു. ലേലം സ്ഥിരപ്പെട്ട ഉടനെ സ്ഥിരപ്പെടുന്ന ആൾ ഉറപ്പിന ഡെമണി വെക്കേണ്ടതാകുന്നു.

വേണ്ടി കുത്തക വിലയിൽ എട്ടിൽ ഒരു ഭാഗം സംഖ്യ ഡെമണി കെട്ടിവെക്കേണ്ടതും അങ്ങനെ കെട്ടിവെക്കാതെ ഇരുന്നാൽ രണ്ടാമതു ലേലം വിളിപ്പിച്ചോ മററു വല്ല വിധം വ്യവസ്ഥചെയ്യുന്നതിൽവച്ചു ഉണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ലാഭം ഉണ്ടായാൽ അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു. കൊപ്പുകളും ആവശ്യപ്പെടുന്നതുപോലെ അടിയന്തിരത്തിനു മുൻകൂട്ടി വെക്കത്തു ദേവസ്വം വലിയകലവറയിൽ കൊണ്ടുചെന്നു നടപ്പനുസരിച്ചു തൂക്കിയും അളന്നും എണ്ണിയും ഏല്പിക്കണം. അടിയന്തിരം കഴിഞ്ഞു കണക്കുതീർത്തു കുത്തകവിലയും ഡെമണിയും കൊടുക്കുന്നതാകുന്നു. കൊപ്പുകളുടെ വിവരം ഈ കച്ചേരിയിലോ വൈക്കം താലൂക്കിലോ ഹാജരായി ചോദിച്ചാൽ പറയുന്നതാണ്.

൧൦൭൫-ാമാണ്ടു മകരമാസം ൧൫-

ദിവാൻപേഷ്കാർ എസ്. പത്മനാഭയ്യർ.

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തൊടുപുഴ താലൂക്കിൽ ചേർന്ന എഴുതിതിരുവ ഇല്ലാത്ത തൊടുപുഴ കൃഷ്ണസ്വാമി ക്ഷേത്രത്തിൽ വരുന്ന മീനമാസം ൧൫-ാം കൊടിയേറി ഉത്സവം തുടങ്ങി നടക്കുന്ന വകക്കു അരി ഒഴികെ മററുള്ള സകല സാമാനങ്ങളും ഏല്പിക്കുന്നതിനു കുത്തകക്കു ആളെപ്പെടേണ്ട വകക്കു ഈ കുംഭമാസം ൧൫-ാം പകൽ ഒരു മണിക്കു ഈ കച്ചേരിയിൽവച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ള ആളുകൾ ഹാജരായി വിളികേൾക്കാമെന്നുള്ളതാകുന്നു. ലേലത്തിൽ ചേരുന്നവർ ഓരോരുത്തരും ൧൦ രൂപാ വീതം ഡെമണി വയ്ക്കേണ്ടതും അങ്ങനെ കെട്ടിവയ്ക്കാത്തവരെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ലേലം തീർന്നുകൂടുമ്പോൾ ലേലക്കാരൻ ഒഴികെ ശേഷംപേരുടെ ഡെമണി തിരിച്ചു കൊടുക്കുന്നതുമാകുന്നു. ലേലത്തിൽ സക്കാരിലെക്കു സഹായമായി ബോധിപ്പിക്കുന്നവരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും ആയാൾ ഡെമണി വച്ചിരിക്കുന്നതുൾപ്പെടെ ഒട്ടുക്കുള്ള കൊപ്പുവിലയിൽ എട്ടിലൊരുഭാഗം വില ഡെമണി വകക്കു സ്ഥിരപ്പെടുത്തുന്നതു മുതൽ ൩ ദിവസത്തിനകം കെട്ടിവയ്ക്കയും ആയാളുടെ ചില വിന്മേൽ ക്രമപ്രകാരം മുദ്രപ്പത്രത്തിൽ ഉടമ്പടി വയ്ക്കയും ചെയ്യേണ്ടതാകുന്നു. ലേലം സ്ഥിരപ്പെടുത്തിയതിന്റെ ശേഷം ഡെമണിയും ഉടമ്പടിയും വയ്ക്കാതെ ഇരുന്നാൽ ആദ്യം വച്ചിട്ടുള്ള രൂപാ പ്രായശ്ചിത്തമായി മുതൽകൂട്ടുന്നതിനും ആവർത്തിച്ചു ചെയ്യുന്ന ലേലത്തിൽ സക്കാരിലെക്കു നഷ്ടം നേരിടുന്നതായാൽ ആ സംഖ്യ ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭം ഉണ്ടായാൽ അവകാശപ്പെടുന്നതല്ലാത്തതും ആകുന്നു. ഈ വക കൊപ്പുകൾ മേനിക്കുറവും തരഭേദവും കൂടാതെ ശേഖരപ്പെടുത്തി തൊടുപുഴ ഉത്സവക്കലവറയിൽ തലനാൾപ്പടിയും ആവശ്യത്തിനു തക്കപോലെയും തൊടുപുഴ പാർവത്യകാരനെ ഏല്പിച്ചു രസീതു വാങ്ങിക്കൊള്ളേണ്ടതും അടിയന്തിരം തീർന്നു കണക്കു തീർത്തു പണം വാങ്ങിക്കൊള്ളേണ്ടതും ആകുന്നു. ലേലം സ്ഥിരപ്പെടുത്തുകയും തള്ളുകയും ചെയ്യുന്നതു സക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൭൫-ാമാണ്ടു മകരമാസം ൧൬-

ദിവാൻപേഷ്കാർ എസ്. പത്മനാഭയ്യർ.

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഏറ്റുമാനൂർ ക്ഷേത്രത്തിൽ ഈ വരുന്ന പൈങ്കുനിമാസം ൧൭-ാം വെടിയും ൧൮-ാം അശ്വതിയും സദ്യ ഉൾപ്പെട്ട വകക്കു വേണ്ട കൊപ്പുകൾ കുത്തകകൊടുത്തു നടത്തിക്കുന്നതിലേക്കു നിശ്ചയിച്ചു വരുന്ന കുംഭം ൧൫-ാം പകൽ പത്തു മണിക്കു ലേലത്തിനു അവധിവച്ചിരിക്കുന്നു. അന്നേ ദിവസം ലേലം ചെയ്യുന്നതു ഈ കച്ചേരിയിൽവച്ചാകയാൽ മനസ്സുള്ളവർ ഹാജരായി വിളികേൾക്കാമെന്നുള്ളതാകുന്നു. ലേലത്തിൽ ചേരുന്നതിനു ഓരോരുത്തരും ൩ രൂപാ വീതം ഡെമണി വെക്കേണ്ടതാകുന്നു.

ലേലം സ്ഥിരപ്പെട്ട ഉടനെ സ്ഥിരപ്പെടുന്ന ആൾ ഉറപ്പിനുവേണ്ടി കുത്തകവിലയിൽ എട്ടിൽ ഒരു ഭാഗം സംഖ്യ ഡെമണി കെട്ടിവെക്കേണ്ടതും അങ്ങനെ വയ്ക്കാതെ ഇരുന്നാൽ രണ്ടാമതു ലേലം വിളിപ്പിച്ചോ മററു വല്ല വിധം വ്യവസ്ഥ ചെയ്യുന്നതിൽവച്ചു ഉണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ലാഭം ഉണ്ടായാൽ അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു.

കൊപ്പുകൾ ആവശ്യപ്പെടുന്നതുപോലെ അടിയന്തിരത്തിനു മുൻകൂട്ടി ഏറ്റുമാനൂർ ദേവസ്വം കലവറയിൽ കൊണ്ടുചെന്നു കണക്കനുസരിച്ചു തൂക്കിയും അളന്നും എണ്ണിയും ഏല്പിക്കണം. അടിയന്തിരം കഴിഞ്ഞു കണക്കുതീർത്തു കുത്തകവിലയും ഡെമണിയും കൊടുക്കുന്നതാകുന്നു.

൧൦൭൫-ാമാണ്ടു മകരമാസം ൧൫-

ദിവാൻപേഷ്കാർ എസ്. പത്മനാഭയ്യർ.

കൊട്ടയം ഡിവിഷൻകച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കാരിക്കൊട്ട്പ്രവൃത്തിയിൽ കാരിക്കൊട്ട ക്ഷെത്രത്തിൽ ഈ വരുന്ന കുംഭമാസം ൧൨-൹ വടക്കുവശത്തു കണ്ടാകർണ്ണന്റെ നടയിൽ ശ്രുതിയും ൧൦൧-ാം അശ്വതിഉത്സവം വിളക്കും നടത്തിക്കുന്നതിന്നു ആവശ്യം ഉള്ള സാമാനങ്ങൾ ലെലം വിളിപ്പിച്ചു കുത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടു അതിലെക്കു മനസ്സുള്ള ആളുകൾ ഈ മകരമാസം ൨൫-ാം ൹ പകൽ ൧൨ മണിക്കു ഈ കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളണം.

൧. ലെലത്തിൽ ചെരുന്നതിനു മാരൊരുത്തനും ൧ രൂപാ വീതം ഡെമണി കെട്ടിവെക്കണമെന്നും അല്ലാത്തവരെ ലെലത്തിൽ ചെരുവാൻ സമ്മതിക്കുന്നതല്ലാത്തതും ആകുന്നു ലെലം സ്ഥിരപ്പെടുത്തിയതിന്റെ ശെഷം കുത്തക ശരിയായി നടക്കുമെന്നുള്ള ഉറപ്പിന്നുവെണ്ടി മുൻപ വയ്ക്കുന്നതുൾപ്പെടെ കുത്തകവിലയിൽ എട്ടിൽ ഒരുഭാഗം സംഖ്യ ഡെമണി അടുത്തദിവസം വൈകുന്നതിനകം കെട്ടിവെക്കണം അല്ലാതെ പൊയാൽ ആദ്യഡെമണിയെ സക്കാരിലെക്കു മുതൽ കൂട്ടുന്നതുകൂടാതെ രണ്ടാമതു ലെലം വിളിപ്പിച്ചൊ മറ്റൊ വെറെ വിധം വ്യവസ്ഥചെയ്തു നടത്തിക്കുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലെലക്കാരൻ ഉത്തരവാദിയായി തീരുകയും ചെയ്യും ലാഭം ഉണ്ടായാൽ അതിലെക്കു അവകാശം പറഞ്ഞുകൂടുന്നതല്ലാ ലെലം സ്ഥിരപ്പെട്ട ഉടനെ ശെഷംപെരുടെ ഡെമണി തിരിച്ചു കൊടുക്കുന്നതായിരിക്കും.

൨. ഏറ്റെടുക്കെണ്ടതായ സാമാനങ്ങളുടെ സംഖ്യയും തരവും തവണയും കച്ചെരിയിൽ ഹാജരായി ചൊദിച്ചാൽ പറയുന്നതാകുന്നു സാമാനങ്ങൾ കൂടുതൽ കറവായി ആവശ്യപ്പെടുന്നതുപൊലെ ഏറ്റെടുക്കെണ്ടതാണ.

൩. അതാതു തവണയ്ക്കുള്ള സാമാനങ്ങൾ ക്ഷെത്രത്തിൽ കൊണ്ടുചെന്നു അവിടത്തെ കീഴ്നടപ്പുപൊലെ ശ്രുതിയും അളവും തൂക്കവും ഒപ്പിച്ചു ഏറ്റെടുപ്പിച്ചു പ്രമാണങ്ങൾ വാങ്ങിച്ചുകൊള്ളണം ഓരൊ തവണയ്ക്കുള്ള സാമാനങ്ങൾ മുഴുവനും ഏറ്റെടുപ്പിച്ചു തീർന്ന ഉടനെ അതിലെയ്ക്കുള്ള പണം വാങ്ങിച്ചുകൊള്ളണം. ഒടുക്കലത്തെ തവണയ്ക്കുള്ളതു ഏറ്റെടുപ്പിച്ചുതീർന്നാൽ ഉത്സവംകഴിഞ്ഞു കൈകണക്കു മുഴുവനും തീർത്തു പണം കൊടുക്കുന്നതുമാകുന്നു പിന്നീടു ഡെമണിയും തിരിച്ചു കൊടുക്കുന്നതായിരിക്കും,

൪. കുത്തകയിൽ ഉൾപ്പെടാത്ത ഏതെങ്കിലും സാമാനങ്ങൾക്കു ആവശ്യപ്പെട്ട ചട്ടം കെട്ടുന്നതായിരുന്നാൽ ആയതു ഏറ്റെടുപ്പിച്ചു കീഴ്നടപ്പുപൊലെ പണം വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു.

൫. ഏതെങ്കിലും സാമാനങ്ങൾ അതാതു അവധിക്കു ശരിയായും ഏറ്റെടുപ്പിക്കാതെ ഇരിക്കുകയൊ കുത്തകക്കാരന്റെ വീഴ്ചയിനാലൊ നടപടി തെറ്റിനാലൊ വല്ല അഴിമതികളും നെരിടുകയൊ ചെയ്താൽ അതിൽവച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കുത്തകക്കാരൻ ഉത്തരവാദിയായി തീരും ആ നഷ്ടത്തിനു ഡെമണിക്കുപുറമെ വസ്തുവിലും പ്രവെശിച്ചു ഈടാക്കുന്നതാണ.

൬. സാമാനങ്ങൾ എല്ലാം ഒന്നിച്ചൊ പ്രത്യെകംപ്രത്യെകം ആയിട്ടൊ ലെലം വിളിപ്പിച്ചു കൊടുക്കുന്നതാകുന്നു ലെലം സ്ഥിരപ്പെടുത്തുന്നതു സക്കാരിലെ ഗുണംപൊലെ ആയിരിക്കും

എന്നു. ൧൦൭൮ മകരം ൧൯-

ദിവാൻപെഷ്കാർ എസ്സ. പത്മനാഭയ്യർ.

കൊട്ടയം ഡിവിഷൻകച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഏലുകാവുക്ഷെത്രത്തിൽ ഈ വരുന്ന കുംഭമാസം ൧൨-൹ കൊടിയെറി ഉത്സവംതുടങ്ങി നടക്കുന്നതിനു സദ്യ ഉൾപ്പെട്ട വകക്കു വെണ്ട കൊപ്പുകൾ കുത്തക കൊടുത്തു നടത്തിക്കുന്നതിലെക്കു നിശ്ചയിച്ചു വരുന്ന കുംഭമാസം ൩-൹ പകൽ ൧൨ മണിക്കു ലെലത്തിനു അവധി വച്ചിരിക്കുന്നു അന്നെദിവസം ലെലം ചെയ്യുന്നതു ഈ കച്ചെരിയിൽ വച്ചാകയാൽ മനസ്സുള്ളവർ ഹാജരായി വിളിക്കൊള്ളെണ്ടതാകുന്നു ലെലത്തിനു ചെരുന്നതിനു മാരൊരുത്തനും ൧ രൂപാവീതം ഡെമണി വെയ്ക്കെണ്ടതാകുന്നു ലെലം സ്ഥിരപ്പെട്ട ഉടനെ സ്ഥിരപ്പെടുന്ന ആളും ഉറപ്പിന്നുവെണ്ടി കുത്തകവിലയിൽ ൧-ൽ ഒരു ഭാഗം സംഖ്യ ഡെമണി കെട്ടിവെക്കെണ്ടതും അങ്ങനെ വയ്ക്കാതെയിരുന്നാൽ രണ്ടാമതു ലെലം വിളിപ്പിച്ചൊ മറ്റൊ വെറെവിധം വ്യവസ്ഥചെയ്യുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ലാഭം ഉണ്ടായാൽ അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു.

കൊപ്പുകൾ ആവശ്യപ്പെടുന്നതുപൊലെ അടിയന്തിരത്തിനു മുൻകൂട്ടി ഏലുകാവു ദെവസ്വം കലവറയിൽ കൊണ്ടുചെന്നു കണക്കു അനുസരിച്ചു ശ്രുതിയും അളവും എണ്ണവും ഏറ്റെടുപ്പിക്കണം അടിയന്തിരംകഴിഞ്ഞു കണക്കുതീർത്തു കുത്തകവിലയും ഡെമണിയും കൊടുക്കുന്നതാകുന്നു

൧൦൭൮ മകരം ൧൯-

ദിവാൻപെഷ്കാർ എസ്സ. പത്മനാഭയ്യർ

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

തൃക്കാരിയൂർ ക്ഷേത്രത്തിൽ ഈ വരുന്ന മീനമാസം ൧൬-ാം തൃക്കൊടിയേറി ആരംഭിക്കുന്ന ഉത്സവ അടിയന്തിരം വകക്കു വേണ്ട സാമാനങ്ങൾ കത്തക കൊടുക്കുന്നതിനു ഈ വരുന്ന കുംഭമാസം ൧൫-ാം പകൽ ൧൦ മണിക്കു ഈ കച്ചേരിയിൽ വച്ചു ലേലം വിളിപ്പാൻ നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടു അതിലേക്കു മനസ്സുള്ള ആളുകൾ ആ അവധിക്കകം ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതാകുന്നു.

൧. ലേലത്തിൽ ചേരുന്നതിനു ഓരോരുത്തരും ൫൦ രൂപാ വീതം ഡിമാണ്ടി വെക്കേണ്ടതും അല്ലാത്തപക്ഷം ലേലത്തിൽ ചേരുന്നതിനു സമ്മതിക്കുന്നതല്ലാത്തതുമാകുന്നു. ലേലം സ്ഥിരപ്പെട്ടതിന്റെ ശേഷം കത്തക വിലയിൽ പത്തിൽ ഒരു ഭാഗം അടുത്ത ദിവസം വെക്കുന്നതിനകം വെക്കേണ്ടതും അല്ലാതെ പോയാൽ ആദ്യ ഡിമാണ്ടിയെ സർക്കാരിലേക്കു മുതൽ കൂട്ടുന്നതു കൂടാതെ രണ്ടാമതു ലേലം വിളിപ്പിച്ചോ മററു വല്ല വിധം വ്യവസ്ഥ ചെയ്തു നടത്തിക്കുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു കത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതുമാകുന്നു. ലാഭം ഉണ്ടായാൽ അതിലേക്കു അവകാശം പറഞ്ഞുകൂടുന്നതല്ല. ലേലം സ്ഥിരപ്പെട്ടയുടനെ ശേഷം പേരുടെ ഡിമാണ്ടി തിരിയെ കൊടുക്കുന്നതും ആയിരിക്കും.

൨. ഏല്പിക്കേണ്ടതായ സാമാനങ്ങളുടെ തരവും തവണയും സംഖ്യയും ഈ കച്ചേരിയിലൊ താലൂക്കു കച്ചേരിയിലൊ ദേവസ്വത്തിലൊ ഹാജരായി ചോദിച്ചാൽ വിവരം പറയുന്നതും ആകുന്നു. ഉടമ്പടിയിൽ കൂടുതലായിട്ടോ കുറവായിട്ടോ വേറെയോ വല്ല സാമാനവും ആവശ്യപ്പെടുന്നതു പോലെയും കത്തകക്കാരൻ ഏല്പിക്കേണ്ടതാണ്. സാമാനങ്ങൾ അതാതു സമയം കലവറയിൽ കൊണ്ടു ചെന്നു കീഴ്നടപ്പുപോലെ തൂക്കിയും എണ്ണിയും അളന്നും ഏല്പിക്കേണ്ടതും അടിയന്തിരം കഴിഞ്ഞയുടനെ കണക്കു തീർത്തു പണം കൊടുക്കുന്നതുമാകുന്നു. കത്തക അവധി കഴിഞ്ഞതിൽ പിന്നെ സകല കണക്കുകളും നോക്കി നിശ്ചയപ്പെടുത്തി ഡിമാണ്ടി തിരിയെ കൊടുക്കുന്നതാണ്.

൩. ഏതെങ്കിലും സാമാനങ്ങൾ അതാതു അവധിക്കകം ശരിയായും തെളിവായും ഏല്പിക്കാതെ ഇരിക്കയോ കത്തകക്കാരന്റെ വീഴ്ചയിനാലൊ നടപടി തെററിനാലൊ വല്ല തകരാറുകളൊ നേരിടുകയൊ ചെയ്താൽ അതിൽ വച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കത്തകക്കാരൻ ഉത്തരവാദിയായി തീരും. ആ നഷ്ടത്തിനു ഡിമാണ്ടിക്കു പുറമെ വസ്തുവിലും പ്രവേശിച്ചു ഈടാക്കുന്നതാകുന്നു. ഈ സാമാനങ്ങളെല്ലാം ഒന്നിച്ചോ പ്രത്യേകം പ്രത്യേകമായിട്ടോ ലേലം വിളിപ്പിച്ചു കൊടുക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതും തള്ളുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കുകയും ചെയ്യും. എന്നു ൧൦൭൫-ാമാണ്ടു മകരമാസം ൩൦-

ദിവാൻ പേഷ്കാർ,
എസ് പത്മനാഭയ്യർ

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

തിരുനക്കര ക്ഷേത്രത്തിൽ ൧൦൭൫-ാമാണ്ടു മീനമാസം ൧൬-ാം കൊടിയേറി ൨൫-ാം ആറാട്ടുവരെ നാലു ൧൦-ൽ ൨-ാം ഉത്സവം മുതൽക്കു നടത്തുന്ന നാലു ഉത്സവം നിത്യ നാളിലേക്കു പതിവുള്ള സദ്യക്കു ആവശ്യമുള്ള സാമാനങ്ങൾ ലേലം വിളിപ്പിച്ചു കത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കകൊണ്ടു ലേലത്തിൽ വിളിക്കേണ്ടുന്ന മനസ്സുള്ള ആളുകൾ ഈ വരുന്ന കുംഭമാസം ൧൫-ാം പകൽ ൧൦ മണിക്കു ഈ കച്ചേരി മുമ്പാകെ ഹാജരായി ബോധിപ്പിച്ചു കൊള്ളേണം.

൧. കത്തകക്കു ലേലത്തിൽ ഏല്ക്കുന്ന ആളുകൾ ഉടമ്പടി എഴുതിവച്ചു കത്തക ശരിയായി നടത്തുമെന്നുള്ള ഉറപ്പിനു വേണ്ടി ലേല സമയം ൫ രൂപാ ഡിമാണ്ടി കെട്ടി വെക്കേണ്ടതും അങ്ങനെ കെട്ടി വെക്കാത്ത ആളുകളെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതുമാകുന്നു.

൨. ലേലം സ്ഥിരപ്പെടുത്തി കൂടുമ്പോൾ ലേലക്കാരൻ മുമ്പു കെട്ടി വച്ചിട്ടുള്ളതിനു പുറമെ ലേല സംഖ്യയിൽ പത്തിലൊന്നു കെട്ടിവച്ചു ലേലക്കാരന്റെ ചിലവിന്മേൽ മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതിവച്ചു കത്തക നടത്തേണ്ടതും ശേഷം കെട്ടി വച്ചിട്ടുള്ളവരുടെ രൂപാ തിരിയെ കൊടുക്കുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തിയതിൽ പിന്നെ ഡിമാണ്ടി കെട്ടിവെക്കാതെയൊ ഉടമ്പടി എഴുതി വെക്കാതെയൊ ഇരുന്നു രണ്ടാമതു ലേലത്തിനൊ മററൊ ഇടയാക്കിയാൽ ആദ്യം വച്ച രൂപാ സർക്കാരിലേക്കു മുതൽക്കൂട്ടുകയും ആരംഭിച്ച ലേലത്തിലൊ മററൊ ഉണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലേലക്കാരൻ ഉത്തരവാദിയാകയും ചെയ്യുന്നതും അതിൽ ലാഭമുണ്ടായാൽ അതിലേക്കു അവകാശം പറഞ്ഞുകൂടാത്തതുമാകുന്നു.

൩. ഏല്പിക്കേണ്ടതായ കൊപ്പുകളുടെയും മററും വിവരങ്ങൾ അറിവാൻ ആഗ്രഹമുണ്ടെങ്കിലും ആവശ്യപ്പെടുന്ന പക്ഷം കോട്ടയം താലൂക്കു കച്ചേരിയിലൊ തിരുനക്കര ദേവസ്വം മാനേജരുടെയൊ അടുക്കൽ ഹാജരായി അന്വേഷിച്ചാൽ തെളിച്ചു തരുന്നതും കത്തകക്കു ഏല്ക്കുന്ന ആളുകളുടെ ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിന്റെ യുക്തംപോലെ ആയിരിക്കുന്നതുമാകുന്നു.

൧൦൭൫ മകരം ൩൦-

ദിവാൻ പേഷ്കാർ,
എസ് പത്മനാഭയ്യർ.

Notice of auction sale of old gunny bags.

നമ്പർ ൧൨൭.

നാഗരുകൊവിൽ ഉപ്പളം ഹെഡ് ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ.

വാഴ്ത്തൂർ അളത്തിൽ ഉപ്പു കെട്ടു പഴകി ചെനാ കിടപ്പുള്ള ൧൩൩൨ ചാക്കുകളെ ഹജൂർ അനുവാദപ്രകാരം ൧൦൭൮-ാമാണ്ടു ആടി മാസം ൨൭-ാം ടി അളത്തിൽ വച്ചു ലേലം വിളിപ്പിക്കയും അതിലും ചാക്കുകൾക്കു ൧൦൦-ക്കു ൨൬ രൂപാ വിലക്കാണിപ്പണമായിട്ടു കൃഷ്ണൻകൊവിൽ വാ. പീരുമുഹമ്മതു റാവുത്തൻ വിളികെട്ടു ഗവൺമെൻറ അനുവാദപ്രകാരം സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുള്ളതിന്മണ്ണം ആ വക പണവും മുൻ പരസ്യത്തിലെ താല്പര്യപ്രകാരം ഉള്ള സ്ഥലവാടകയും കെട്ടി വച്ചിട്ടില്ലാത്തതിനെപ്പററി ഹജൂർക്കു എഴുതി ബൊധിപ്പിച്ചിരുന്നതിന വിലയും മററും കെട്ടിവെക്കാത്തവൻെറ ചാക്കുകൾ രണ്ടാമതു ലേലം ചെയ്തു വില്പിക്കയും മററും ചെയ്യണമെന്നു പിറവപ്പെടുവിച്ച വക ൧൦൭൮ ൺ൨൨൦ നമ്പരുകളായി കഴിഞ്ഞ കന്നിമാസം ൨൧-ാം ൪൦ം മാസം ൩൦-ാം എഴുതിട്ടുള്ള മറുപടികൾ വന്നിരിക്കുന്നതിന്മണ്ണം രണ്ടാമതു ലേലം വരുന്ന മാശിമാസം ൨൫-ാം പകൽ ൧൦ മണിക്കു ടി അളത്തിൽ വച്ചു ലേലം വിളിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതും ൪൦ം വക ചാക്കുകൾക്കു അപെക്ഷയുള്ള ആളുകൾ അന്നെ ദിവസം ടി അളത്തിൽ ഹാജരായി ലേലത്തിൽ ചെരെണ്ടതിനായിട്ടു ൫ രൂപാ വീതം ഡെമണി വെക്കെണ്ടതു ആകുന്നു. ഡെമണിവെക്കാത്ത ആളുകളെ ലേലത്തിൽ ചെക്കുന്നതല്ലാ.

൧. ഡെമണി വെക്കുന്ന ആളുകളെ കൂടി നിറത്തി ൧൦൦ ചാക്കുകൾ വീതം ഓരൊ ലാട്ടായൊ അതിലും കൂടുതലായൊ ഇട്ടു ലേലം വിളിപ്പിക്കുന്നതും എറ്റവും കൂടുതൽ തുകക്കു വിളിക്കുന്ന ആളുകളെക്കൊണ്ടു ആദ്യഡെമണി ഉൾപ്പടെ ലേലസംഖ്യയിൽ ൽ ഭാഗമൊ മുഴവനൊ തൽക്ഷണം കെട്ടിവെപ്പിക്കുന്നതുമാകുന്നു.

൨. ഗവർൺമെൻറ അനുവാദപ്രകാരം ലേലം സ്ഥിരപ്പെടുത്തിയ വിവരം തെര്യപ്പെട്ട തിയതി മുതൽ പത്തു ദിവസത്തിനകം ലേലപ്രകാരമുള്ള പണം മുഴവനും ടി അളത്തിൽ കെട്ടിവച്ചു ചാക്കുകളെ കൊണ്ടുപൊയിക്കൊള്ളെണ്ടതും അങ്ങിനെ ചെയ്യാതെയിരുന്നാൽ ഡെമണി പിഴയായി വസൂലാക്കുന്നതു കൂടാതെ ആ വക ചാക്കുകളെ ആവർത്തിച്ചു ലേലത്തിൽ ഇടുന്നതും അങ്ങിനെ ലേലത്തിൽ ഇടുന്നതിൽ വച്ചു രണ്ടാമതു ലേലത്തുകയിൽ നിന്നും കുറച്ചു വരുന്നതായാൽ ആ നഷ്ടത്തിനു രണ്ടാമതു ലേലക്കാറൻ ഉത്തരവാദിയായിരിക്കുന്നതുമാകുന്നു. ലാഭംവരുന്നതായാൽ അതിലെക്കു അയാൾക്കു അവകാശപ്പെടുന്നതുമല്ലാ.

൩. ലേലം സ്ഥിരപ്പെടുത്തിയവിവരം തെര്യപ്പെട്ടതിയതു മുതൽ പത്തു ദിവസത്തിനകം ചാക്കുകളെ ടി സ്ഥലത്തു നിന്നും കൊണ്ടുപൊകാതെയിരുന്നാൽ താമസിക്കുന്ന ദിവസങ്ങൾക്കു ൧൦൦-ന്നു ഒരു രൂപാ വീതം സ്ഥലവാടകകൊടുത്തു കൊണ്ടുപൊകണ്ടതുമാണ. വാടക ൧൦ ദിവസം കൊടുക്കാത്തപക്ഷം ൪൦ംടാകെണ്ട പണത്തിനു വീതപ്രകാരമുള്ള ചാക്കുകളെ നിറുത്തിവച്ചു കൊള്ളുന്നതാകുന്നു.

൪. ചാക്കുകൾ കൂടുതൽ തുകക്കു വിളികെട്ടു സ്ഥിരപ്പെടുന്നവരിടെ ഒഴികെ ശെഷംപെരിടെ ഡെമണി ലേലം കഴിഞ്ഞാൽ ഉടൻ തിരിച്ചു കൊടുക്കുന്നതാകുന്നു.

൫. ചാക്കുകളെ മുൻകൂട്ടി കാണണമെന്നുള്ള ആളുകൾ ടി അളത്തിൽ ഹാജരായി അപെക്ഷിച്ചാൽ കാണിച്ചുതരുന്നതാകുന്നു എന്നു

൧൦൭൮-ാമാണ്ടു വൃശ്ചികമാസം ൨൭-ാം.

ഉപ്പളം ഡിപ്പൂട്ടി പെഷ്കാർ രാമരായർ.

Notice of auction sale of certain lands.

മൂവാററുപുഴ താലൂക്കകച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

സഞ്ചായം വകയിൽ ൧൦൭൬-ാമാണ്ട ചെറുചരക്ക കുത്തക വകയിൽ ൧൭൨൪ ബ്രിട്ടീഷ് രൂപാ കൊതമംഗലത്തങ്ങാടിയിൽ ഇലഞ്ഞിക്കൽ വക്കി കുരിയപ്പ തിപ്പാനുള്ളതിലെക്ക അയാളുടെ വക താഴെ പറയുന്ന വസ്തുവും ധനുമാസം ൧൬-നു സ്ഥലത്തു വച്ചു ലെലത്തിനു നിശ്ചയിച്ചു തുലാമാസം ൧൭-നു പരസ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു ആയവധിക്കു സ്ഥലത്തു പൊകുന്നതിനും ലെലം നടത്തുന്നതിലെക്കും സൌകര്യമായിട്ടില്ലാത്തതും കൊണ്ടു വരുന്ന കുംഭമാസം ൨൩-നു സ്ഥലത്തു വച്ചു ലെലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതും ആകയാൽ മനസ്സുള്ള ആളുകൾ അവധിക്കു സ്ഥലത്തു ഹാജരായി കൂടുതൽ തുകക്കു വിളികൊള്ളാവുന്നതും അങ്ങനെ വിളികൊള്ളുന്നവർ മൂന്നിലൊന്നു ഡെപ്പാസിറ്റ ഉടനെയും ശെഷം സംഖ്യ ലെലം സ്ഥിരപ്പെടുത്തി ഉത്തരവുണ്ടാകുമ്പൊഴും കെട്ടിവെയ്ക്കെണ്ടതും ആകുന്നു ലെലക്കാറൻ ലെലസംഖ്യ കെട്ടിവെക്കാതെ ഇരുന്നു വീണ്ടും ലെലത്തിനിടയാക്കിയാൽ അതിനു വച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലെലക്കാറൻ ഉത്തരവാദിയായി തീരുന്നതാണ, കൂടുതൽ വന്നാൽ അതിലെക്കു അവകാശം പറവാനില്ലാത്തതും ആകുന്നു എന്നു

൧൦൭൮-ാമാണ്ട ധനുമാസം ൨൯-നു

തഹശിൽദാർ നാരായണപിള്ള.

വസ്തു വിവരം

കൊതമങ്ങലം പ്രവൃത്തിയിൽ കൊതമങ്ങലം കരയിൽ ൨൦൬-ൽ തെങ്ങനാവള്ളിമാലിൽ ൧൨ പറ ൨൫-ൽ ഒന്നപകുതി വടക്കെതു നിലം ൧൨ പറ ൩ ക്കു പാട്ടിക്കും വില പണം ൧൦൭ മുക്കാലെമാകാണി.

Notices of unclaimed properties.

ഹൈകൊട്ടിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കൊല്ലം മുൻസീഫ കൊട്ട മുതൽപിടിയിൽ ൧൦൭൦-ാമാണ്ടിനുമുമ്പ മുതൽ അനാമത്തായി ഇരിപ്പുള്ള ഒരു രൂപായ്ക്കമെൽ വിലപിടിക്കുന്നതും നമ്പർ വിവരവും ഹാജരാക്കിയ തിയതിയും നിശ്ചയമില്ലാത്തതുമായ ഉരുപ്പടികൾക്കു ലിസ്റ്റു എഴുതിച്ചു താഴെ ചെൎത്തിരിക്കുന്നു.

ലിസ്റ്റിൽ പറയുന്നതുപൊലെയുള്ള ഉരുപ്പടികളെ വാങ്ങിക്കുന്നതിനു അവകാശമുള്ള കക്ഷികളൊ അവരുടെ ന്യായമായ അവകാശികളൊ ഗസെററിൽ പരസ്യം ചെയ്യുന്ന തിയതി മുതൽ മൂന്നു മാസത്തിനകം ആ കൊട്ടിൽ മുറപൊലെ അപെക്ഷിച്ചു ഉരുപ്പടികളെ വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു.

ആ അവധിക്കകം അപെക്ഷിക്കാതെ ഇരിപ്പുവരുന്ന ഉരുപ്പടികളെ ലെലത്തിനു വിററു കിട്ടുന്ന പണത്തിനെ സക്കാരിലെക്കു ചെൎക്കുന്നതാണ

൧൦൭൮-ാമാണ്ട മകരമാസം ൭-നു

ഉത്തരവിൻപ്രകാരം പി. സി. വള്ളിനായകംപിള്ള,
ഹൈകൊട്ട രജിസ്ത്രാർ.

ഉരുപ്പടികളുടെ പെര.

൧. പൊന്നിൽകൂട്ടം ൩൦ ചുറപ്പും ഒരു പുഷ്യരാഗവും വച്ചതുമായുള്ള പതക്കം ഒന്നുക്കു ഉദ്ദെശം വില പണം ൩൦

൨. പൊന്നിൽ ൩ മാററം അഴുക്കുള്ളപ്പടെ ൩ മുക്കാൽ പണമിടയുള്ള കടുക്കൻ ൨ ക്കു മുറിതുണ്ടുകളുപ്പടെ എണ്ണം ൭ ക്കു ഉദ്ദെശം വിലപണം ൧൧ ചക്രം

൩. അഴുക്കുൾപ്പടെ രണ്ടര രൂപാ തൂക്കമുള്ള വെള്ളിക്കത്തരത്തൊണ്ണ ൧ ക്കു ഉദ്ദെശം വിലപണം ൨

NOTICE

Is hereby given to the heirs, if any, of Mr. Mathai Varghese who was the Magistrate of Kanjirappally about the year 1068 and who is said to have died since, to appear before this court and establish their claims to a neck-lace produced by him in case No. 23 of 1069 on the file of this court and now kept in the local Police Station, within six months from date, failing which the same will be sold in auction and the sale proceeds credited to Government.

District Magistrate's Court, }
Alleppey, 22nd January 1903. }

C. J. MALTBY,
District Magistrate.

ആലപ്പുഴ ഡിസ്ത്രിക്ടു മജിസ്ത്രേട്ടു കൊടതിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൦ കൊടതിയിൽ ൧൦൭൭ൽ അസൽ ൩൩൦ നമ്പരിൽ വാദി ൧൦൭൭-ാമാണ്ടിടക്കു കാഞ്ഞിരപ്പള്ളി മജിസ്ത്രേട്ടായിരുന്ന മിസ്റ്റർ മത്തായി വർഗ്ഗീസ ടി നമ്പരിൽ തെളിവിലേക്ക ഹാജരാക്കിയതും സ്ഥലം പൊലീസ സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്നതും ആയ ഒരു കഴുത്തിലേക്ക ടി മിസ്റ്റർ വർഗ്ഗീസ മരിച്ചുപോയിരിക്കുന്നതിനാൽ ടിയാൻെറ അവകാശികളായി ആരെങ്കിലും ഉണ്ടായിരുന്നാൽ ൧൦൦ നൊട്ടീസിലെ തിയതി മുതൽ ആറു മാസത്തിനകം ഇവിടെ ഹാജരായി അവകാശം ബൊധിപ്പിച്ചുകൊള്ളണം. അല്ലെങ്കിൽ അവധികഴിഞ്ഞയുടൻ ആയതു മററു കാരം ലേലം ചെയ്തു കിട്ടുന്ന പണം സർക്കാരിലേക്ക മുതൽ കൂട്ടുന്നതാണെന്ന ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു എന്ന

൧൦൭൮ മകരം ൧൩-

ഡിസ്ത്രിക്ടു മജിസ്ത്രേട്ടു മിസ്റ്റർ സി. ജെ. മാറ്റ്ണ്ടവു.

നമ്പർ ൧൧൨.

തിരുവനന്തപുരം രെണ്ടാംക്ലാസ മജിസ്ത്രേട്ടു കൊടതിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഉടമസ്ഥൻെറ നിശ്ചയമില്ലാതെ ൧൦൭൮-ാമാണ്ടു മകരമാസം ൧൩-ാം കാലത്തു ൧൧ മണി സമയം പാത്രക്കളത്തിൻെറ പടിഞ്ഞാറെ കരയിൽ കൽപ്പടയിൽ ഇരുന്നതും കൊട്ടയ്ക്കകം സ്റ്റേഷനാപ്സരിടെ റിപ്പോർട്ടുസഹിതം ഹാജരാക്കി ആസ്റ്റേഷനിൽ അയച്ചു സൂക്ഷിച്ചിട്ടുള്ളതുമായ ഉള്ളേരം മെഴുകുമ്പെട്ടെ റെൻപതെ മേക്കാൻ കഴഞ്ചും(൭൦) അൻപതിനഞ്ചു രൂപാ വിലവരുന്നതും ആയ രണ്ടു സ്വർണ്ണക്കാപ്പുകൾക്ക ഉടയക്കാരായി ആരെംകിലും ഉണ്ടായിരുന്നാൽ ൧൦൦ പരസ്യത്തിലെ തിയതി മുതൽ ഒരു മാസത്തിനകം ഹാജരായി ബൊധിപ്പിച്ചു തെളിവു കൊടുപ്പാനുള്ളതാകുന്നു.

അതിൻവണ്ണം ചെയ്യാത്തപക്ഷം പരസ്യത്തിലെ അവധി കഴിഞ്ഞാൽ ഉടനെ ലേലത്തിൽ വിൽപ്പിച്ചു കിട്ടാകുന്ന പണം സർക്കാരിലേക്ക മുതൽ കൂട്ടുന്നതാണ എന്നു

൧൦൭൮-ാമാണ്ടു മകരമാസം ൧൦-ാം

രണ്ടാംക്ലാസ മജിസ്ത്രേട്ടു എസ്സ്. നാരായണയ്യൻ.

NOTICE.

It is hereby notified that a bi-weekly Dispensary for the treatment of all classes of disease has been opened at Atteugal from the $\frac{\text{30th December 1902}}{\text{15th Dhanu 1078}}$ and that the Dispensary will be held by the Medical Officer, in charge of the Chirayinkil District Dispensary, every Tuesday and Friday.

Dispensary hours... ... ... 2 P. M.—6 P. M.

Durbar Physician's Office,
Trivandrum, 10th January 1903.

E. POONEN,
Surgeon, in charge.

പരസ്യം.

൧൯൦൨-ാം വർഷം ഡിസംബർ മാസം ൩൦-ാംക്ക ൧൦൭൮-ാമാണ്ടു ധനുമാസം ൧൫-ാം മുതൽ ആററിങ്ങൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം എല്ലാ രൊഗങ്ങളെയും ചികിത്സിക്കുന്നതായ ഒരു ഡിസ്പെൻസറി ഏർപ്പെടുത്തിയിരിക്കുന്നു. എല്ലാ ചൊവ്വാഴ്ച, വെള്ളിയാഴ്ച, ദിവസങ്ങളിൽ ഉച്ചയ്ക്കുമെൽ ൨ മണി മുതൽ ൬ മണി വരെ ചിറയിൻകീഴ് ഡിസ്ത്രിക്ട ആശുപത്രി മെഡിക്കൽ ആഫീസർ ഡിസ്പെൻസറി നടത്തുന്നതാകുന്നു എന്ന ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ദർബാർ ഫിസിഷ്യൻസ ആഫീസ്,
തിരുവനന്തപുരം,
൧൦൭൮ ധനു ൨൭-ാം.

ഇ. പൂനൻ,
സർജൻ ഇൻചാർജ്

കൊല്ലം സബ്ബ രജിസ്റ്റ്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിലും നിഷേധിച്ചതിലും ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വക ൧൦൭൧-ാമാണ്ടത്തെ ൩൦-ാം നമ്പർ വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച എഴുതിയ ലിസ്റ്റ.

ആധാരം ഹാജരാക്കിയ			രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്ത				ആധാരം രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്തതോ എന്ന	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട്	മാസം	തിയ്യതി	ആണ്ട്	മാസം	തിയ്യതി	നമ്പർ					
൧൦൭൭	മീനം	൧൨	൧൦൭൭	മീനം	൧൨	൨൭൩	രജിസ്റ്റർ ചെയ്തു	കിഴക്കെകല്ലട പ്രവൃത്തിയിൽ കൊട്ടവിള മുറിയിൽ ചിങ്കാരപ്പള്ളിൽ കൊച്ചുതാഴ്ചപുരയിടത്തിൽ അന്തൊനി അന്തൊനി കരിശു പ്രണാന്തീസ	ടി ചിങ്കാരപ്പള്ളിൽ പുത്തൻ തുണ്ടു പുരയിടത്തിൽ സ്റ്റെവെനാസ മാടത്താസ	ടി സ്റ്റെവെനാസ മാടത്താസ	൧൦൭൭ ധനു ൩-ാം നമ്പർ ആധാരത്തിൻപടിയുള്ള പണം ൧൭൫ ബൊദ്ധ്യപ്പെട്ടതായി പുറത്തെഴുത്ത ആധാരം
		൧൮			൧൮	൨൭൯		പുനക്കന്നൂർ ചെരിയിൽ മുണ്ടയിൽ വീട്ടിൽ ഗൊവിന്ദൻ നാരായണൻ	പെരുമ്പുഴ ചെരിയിൽ കൊല്ലൂർഴിയത്തു കൊച്ചുകുഞ്ഞു കണ്ണൻ മുതൽ പെരു	ടി കൊച്ചുകുഞ്ഞു കണ്ണൻ	പെരുമ്പുഴചെരിയിൽ പണ്ടാരവക പാട്ടം തടി ൧ നിലം ൨ പറ ൧൦ ൩൦ പണം ഒററി അത്ഥം പററി ഒഴിഞ്ഞിരിക്കുന്നു എന്നു
		൨൨			൨൨	൨൯൨		കടവൂർ ചെരിയിൽ നമ്പച്ചനഴിയത്തു നിന്നും വടക്കെ പത്തനാവിൽ കിഴക്കെ പുത്തൻ വീട്ടിൽ മാതെവൻ വെലായുധൻ	കൊട്ടയ്ക്കകത്തു ചെരിയിൽ കാവടിയിൽ വീട്ടിൽ കൊച്ചുകുഞ്ഞു ലക്ഷ്മി മുതൽ പെർ	ടി കൊച്ചുകുഞ്ഞു ലക്ഷ്മി	൩൦൩ ൧൦൭൭-ാം നമ്പർ ആധാരപ്രകാരം ൭൦൦ പണം വരുവാനുള്ളതു പററിയിരിക്കുന്നതായി പുറത്തെഴുത്ത ആധാരം
	മേടം	൨൭		മേടം	൨൭	൩൨൫		കൈക്കുളങ്ങര ചെരിയിൽ മെലെഴത്തു വീട്ടിൽ ലാസർ ബെക്ക നാവൃദബെക്ക	മനയിക്കുളങ്ങര ചെരിയിൽ തുണ്ടത്തിൽ ശങ്കരൻ വെലായുധൻ.	ടി ശങ്കരൻ വെലായുധൻ	൧൦൭൬ൽ ൩൩൦-ാം നമ്പർ ആധാരത്തിൻപടി ൧൦൦ ബ്രിട്ടീഷ രൂപാ വരുവാനുള്ളതു പററിയിരിക്കുന്നതായി പുറത്തെഴുത്ത

൧൦൭൭-ാമാണ്ട ധനുമാസം ൨൭-ാം൹

സബ്ബ രജിസ്റ്റ്രാർ എച്ച്. കൃഷ്ണയ്യർ.

കൊല്ലം സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യുതിലും നിഷേധിച്ചതിലും ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വകക്ക
൧൦൭൭-ാമാണ്ടത്തെ ൨൦-ാം നമ്പ്ര വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച എഴുതിയ ലിസ്റ്റ.

ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർ ചെയ്യുകയൊ നിഷേധിക്കയൊ ചെയ്തു				ആധാരം രജിസ്റ്റർ ചെയ്യുകയൊ നിഷേധിച്ചുകയൊ എന്ന	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരുംവിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട	മാസം	തീയതി	ആണ്ട	മാസം	തീയതി	നമ്പർ					
൧൦൭൭	ഇടവം	൧൩	൧൦൭൭	ഇടവം	൧൩	൩൭൩൩	രജിസ്റ്റർചെയ്തു	പുനക്കൊന്നു കൊററങ്കരചെരിയിൽ കണ്ണങ്കരെ മെല്ലൂട്ട വീട്ടിൽ രാമൻ ശങ്കരൻ	പുനക്കൊന്നു കൊററങ്കരചെരിയിൽ വെലൻകൊണത്തു വലിയ കൈനിലയിൽ കൊച്ചാളി കഞ്ഞിക്കി മുതൽപെർ	ടി വലിയ കൈനിലയിൽ കണ്ടൻചാത്തൻ കറമ്പൻ	കിളികൊല്ലൂപ്രവൃത്തിയിൽ കൊററങ്കര പകുതിയിൽ സവെ ൨൦൩൨ൽ ൫൦ സെൻറുള്ള പറമ്പിലും ൭൦൦ പണം നെർ പണയത്തിം പററി ഒഴിഞ്ഞിരിക്കുന്നു എന്ന
		൧൩			൧൩	൩൭൩൬		പുനക്കൊന്നു ചെരിയിൽ ഇടയിലവീട്ടിൽ മാതെവൻ പത്മനാഭൻ	പുനക്കൊന്നു ചെരിയിൽ വെലൻകൊണത്തു കണ്ടൻ ചാത്തൻ കറമ്പൻ	ടി കണ്ടൻ ചാത്തൻ കറമ്പൻ	൧൦൭൩ൽ ൧൩൪൮-ാം നമ്പർ ആധാരപ്രകാരം ൩൫൦ പണം പണയത്തിം ഉള്ളതു പററിവിരിക്കുന്നതായി പുറത്തെഴുത്തു
		൨൬			൨൬	൩൫൭൦		കരിപ്പുഴചെരിയിൽ മുഴച്ചിക്കര വീട്ടിൽ പെരുമാൾപിള്ള ഗൊവിന്ദപ്പിള്ള	കരിപ്പുഴ ചെരിയിൽ കിഴക്കടുത്തു നിന്നും പെരിനാട കരിപ്പുഴ ചെരിയിൽ അനന്തപിള്ളെത്തു താമസിക്കുന്ന ഇടിക്കാളി കഞ്ഞിക്കി മുതൽ പെരു	ടി പെരുമാൾപിള്ള ഗൊവിന്ദപ്പിള്ള	൧൦൭൩ൽ ൧൬൬൩-ാം നമ്പ്ര പണയാധാരപ്രകാരം ൩൦൦ ബ്രിട്ടീഷ്രൂപാ ഉള്ളതു പററിവിരിക്കുന്നതായി പുറത്തെഴുത്തു
൭൩	വൃശ്ചികം	൨൨	൭൩	വൃശ്ചികം	൨൨	൧	നിഷെധിച്ചു	ഇരവിപുരം അധികാരത്തിൽ തെക്കെകരചെരിയിൽ അട്ടമ്പവിള വീട്ടിൽ ചെരാമ്പിള്ള മഹമ്മതു കഞ്ഞു	കൊട്ടക്കകത്തുചെരിയിൽ കല്ലുഴി പുരയിടത്തിൽ വാവാ അസൻ വാവാ	ടി ചെരാമ്പിള്ള മഹമ്മതുകഞ്ഞു	തൃക്കടവൂർ പകുതിയിൽ സവെ ൪൭൨ൽ ൭൫ സെൻറുള്ള ൧൫ൽ തെങ്ങിലും പുരയിടം നടഭാഗം ൧൦൧ ൫൦ കെട്ടിടവും സംബന്ധിച്ച നടപ്പാക്കൊ പണത്തിന ബാദ്ധ്യത ഒഴിഞ്ഞിരിക്കുന്നു എന്ന

൧൦൭൮ മാണ്ട ധനുമാസം ൨൩-ാം

സബ്ബ രജിസ്ട്രാർ എച്ച്. കൃഷ്ണയ്യൻ.

പത്തനാപുരം സബ് രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിലും നിഷേധിച്ചതിലും ചോദിക്കാതെകിടപ്പുള്ള ആധാരത്തിന്റെ ൧൦൭൨-ാമാണ്ടത്തെ ൨൦-ാം നമ്പർ വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ചു എഴുതിയ ലിസ്റ്റു.

ആധാരം ഹാജരാക്കിയ			രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്ത				രജിസ്റ്റർ ചെയ്തോ നിഷേധിച്ചോ എന്നു	ആധാരം എഴുതി കൊടുത്ത ആളുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
കൊല്ലം	മാസം	തീയതി	കൊല്ലം	മാസം	തീയതി	നമ്പർ					
൧൦൭൨	വൃശ്ചികം	൧	൧൦൭൨	വൃശ്ചികം	൧	[illegible]	രജിസ്റ്റർചെയ്തു	കൊല്ലം ഇരവിപുരം അധികാരത്തിൽ തെക്കുംകര ചെറിയിൽ മററത്തു കിഴക്കെ പുത്തൻവീട്ടിൽ കാതിരുകണ്ണു ഇബ്രാഹിം	അഞ്ചൽ പ്രവൃത്തിയിൽ ഏരൂര മുറിയിൽ തളിക്കാതിക്കത്തിൽ പെഴുംമൂട്ട പുരയിടത്തിൽ മഹമ്മതിബ്രൂഹാൻ രാവുത്തരു ഉമ്മർ രാവുത്തരു മുതൽപേരു	ടി മമ്മതിബ്രാഹാം രാവുത്തരു ഉമ്മർ രാവുത്തര	വെറുംകെട്ടുപ്രകാരം വരെണ്ട പൻഷം പണം പററി എഴുതി കൊടുത്ത കിഴിവു ആധാരം
		൯			൯	[illegible]		പത്തനാപുരം പ്രവൃത്തിയിൽ നടക്കുന്ന മുറിയിൽ പുത്തൻ പീടികയിൽ അടിമ ചിന്നാവാവാ	വിളക്കുടി പ്രവൃത്തിയിൽ പുനലൂ മുറിയിൽ ആററിനു കിഴക്ക ദപ്പുവിള പുരയിടത്തിൽ ശെകമ്മാറം നാഗ്രുമ്മാറം	ടി ശെകമ്മാറം നാഗ്രുമ്മാറം	സ്ഥാവരവസ്തു സംബന്ധിച്ച രൂ ൫൦൦ പണത്തിനു എഴുതി കൊടുത്തിട്ടുള്ള ഒഴിവുമുറി ആധാരം

൧൦൭൨ മാണ്ടു ധനുമാസം ൧൨-നു

സബ്ബ രജിസ്ട്രാർ വി. എ. നമശിവായംപിള്ള.

കൊല്ലം സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യുതിലൊ നിഷെധിച്ചതിലൊ ചൊദിക്കാതെകിടപ്പുള്ള ആധാരങ്ങളുടെ വകക്ക ൧൦൭൮ ാമാണ്ട ഉണ്ടായിട്ടുള്ള റഗുലേഷൻ ന്നു ാം വകുപ്പനുസരിച്ച എഴുതിയ ലിസ്റ്റ

ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർ ചെയ്കയൊ നിഷെധിക്കയൊ ചെയ്ത				ആധാരം രജിസ്റ്റർ ചെയ്തതൊ നിഷെധിച്ചതൊ എന്ന	ആധാരം എഴുതിക്കൊടുത്ത ആളുകളുടെ പെരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുകളുടെ പെരും വിവരവും	ആധാരം ഹാജരാക്കിയ ആളുകളുടെ പെരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട	മാസം	തിയതി	ആണ്ട	മാസം	തിയതി	നമ്പ്ര					
൧൦൭൮	കുംഭം	൧൭	൧൦൭൮	കുംഭം	൧൭	൮൫൩	രജിസ്റ്റർ ചെയ്തു	കൊല്ലം അധികാരത്തിൽ പുന്നത്തല ചെരിയിൽ മഠത്തിലഴിയത്തു വീട്ടിൽ മെത്ത സ്ത്രീ വാവാ ഉണ്ണി ലബ്ബ പാത്തുമ്മാ ഉമ്മാൾ മകളെത്തു മുതൽ പെർ	കൊല്ലം അധികാരത്തിൽ പുന്നത്തല ചെരിയിൽ മഠത്തിലഴിയത്തു വീട്ടിൽ വാവാ ഉണ്ണി ലബ്ബ വീവീക്കണ്ണു	എഴുതികൊടുത്തതിൽ ൨ ാം കക്ഷിയായ ടി മഠത്തിലഴിയത്തു വീട്ടിൽ വാവാ ഉണ്ണി ലബ്ബ കൊയാക്കണ്ണു	കൊല്ലം സബ്ബ ഡിസ്ത്രിക്ടിൽ കൊല്ലം അധികാരത്തിൽ പുന്നത്തല ചെരിയിൽ പണ്ടാരപാട്ടം മഠത്തിലഴികം പുരയിടം ൧ം വൃക്ഷങ്ങളുംകൂടി ൨൫൦ രൂപായ്ക്കു സ്ത്രീധനം കൊടുത്തിരിക്കുന്നു എന്നു
						൩ ാം പുസ്തകം					
	മീനം	൬		മീനം	൬	൧൧൪		പെരിനാട്ട പ്രവൃത്തിയിൽ തെക്കെചെരിയിൽ പുളി വീട്ടിൽ രാമൻ കണ്ടൻ കളത്താതി കണ്ണുന	ടി തെക്കെചെരിയിൽ കിഴക്കെപലകച്ചേരിൽ കൊച്ചുപ്പന പത്മനാഭൻ	ടി കളത്താതി കണ്ണൻ	ചിട്ടിക്ക ഇറക്കിട്ടുള്ള ൩൦൦ പണത്തിന്റെ കൈക്കണക്ക മെഡൊചർ പത്രം
		൩			൩	൮൩൪		പെരിനാട്ട പ്രവൃത്തിയിൽ അഷ്ടമുടി ചെരിയിൽ കറ്റിയഴിയത്തു വീട്ടിൽ ശങ്കരൻ പെരുമാൾ	അഷ്ടമുടി ചെരിയിൽ നങ്ങയാർ തൊട്ടത്തു രാമൻ അയ്യൻ കൊച്ചുകണ്ണു	ടി അയ്യൻ കൊച്ചുകണ്ണു	കൊല്ലം സബ്ബ ഡിസ്ത്രിക്ടിൽ പെരിനാട്ട പ്രവൃത്തിയിൽ അഷ്ടമുടി ചെരിയിൽ പണ്ടാരപാട്ടം മഠത്തിൽ തെക്കെ പുരയിടം പാട്ടം ഏറ്റിയന്നു ഒഴിഞ്ഞു കൊടുത്തിരിക്കുന്നു എന്നു
		൭			൭	൮൩൭		പെരിനാട്ട പ്രവൃത്തിയിൽ ഇഞ്ചവിള ചെരിയിൽ പനക്കാത്ത വീട്ടിൽ മാതെവൻ രാമൻ	പെരിനാട്ട, അമ്പഴവയലിൽ ചെരിയിൽ ചെറുപള്ളിൽ കമര പത്മനാഭൻ	ടി മാതെവൻ രാമൻ	പെരിനാട്ട പ്രവൃത്തിയിൽ അമ്പഴ വയലിൽ ചെരിയിൽ ൧൨൧൧൧൪൪൫ നെൽവിളക്കുന്ന തടി ൧ നിലം ൨൫ പറ ഉടങ്ങഴി ൬ം ഉൾപ്പെട്ട ഗൃഹങ്ങളെ സംബന്ധിച്ച ൨൫൦ ബ്രിട്ടീഷ രൂപായിടെ ഒഴിവുമുറി ആധാരം

൧൦൭൮ ാമാണ്ട ധനുമാസം ൨൮ നു

സബ്ബ രജിസ്ത്രാർ എച്ച്. കൃഷ്ണൻ.

Notice regarding the destruction of useless records.

കൊല്ലം ഡിസ്ത്രിക്ട് രജിസ്ത്രാർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

പത്തനാപുരം സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്തർ ചെയ്തതിലും നിഷേധിച്ചതിലും കക്ഷികൾ തിരിയെ വാങ്ങിക്കാഴിക നിമിത്തം സൂക്ഷിച്ചു വരുന്നതും രജിസ്ത്രേഷൻ റെഗുലെഷനായ ൧൦൭൦-ാമാണ്ടത്തെ ൧-ാം റെഗുലെഷൻ ൩൩-ാം വകുപ്പനുസരിച്ചുണ്ടായിട്ടുള്ള ൩൩-ാം റൂൾ പ്രകാരം കക്ഷികൾക്കു നോട്ടീസയക്കയും കച്ചേരി മുഖപ്പിലും ഗവർമ്മെന്റു ഗസററിലും പരസ്യം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു രണ്ടു വർഷം കഴിഞ്ഞിട്ടുള്ളതുമായ താഴെ വിവരിച്ചിരിക്കുന്ന ആധാരങ്ങളെ ൩ മാസം കഴിഞ്ഞ ഉടനെ നശിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ ആ വക ആധാരങ്ങളെ ഹാജരാക്കുകയൊ രസീതിനാൽ അധികാരം സിദ്ധിക്കപ്പെടുകയൊ ചെയ്ത ആളുകളൊ അവരുടെ അവകാശികളൊ അവധിക്കകം മുറപൊലെ ആ സബ്ബ രജിസ്ത്രാർ കച്ചേരിയിൽ ഹാജരായി തിരിയെ വാങ്ങിച്ചു കൊള്ളേണ്ടതാകുന്നു.

൧൦൯൭-ാമാണ്ടു ധനുമാസം ൨൯-ന്.

ഡിസ്ത്രിക്ട രജിസ്ത്രാർ ഗോവിന്ദപ്പിള്ള.

നമ്പർ	ആധാരം സൂക്ഷിച്ചു വരുന്ന സബ്ബ രജിസ്ത്രാർ ആഫീസിന്റെ പേര്	ആധാരത്തിന്റെ ആണ്ടു	ആധാരത്തിന്റെ പുസ്തകം	ആധാരത്തിന്റെ നമ്പർ	രജിസ്തർ ചെയ്തതൊ നിഷേധിച്ചതൊ എന്നു	൩൩-ാം റൂളനുസരിച്ചു പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തിയ ആണ്ടു	മാസം	തീയതി	റിമാർക്ക്
൧	പത്തനാപുരം സബ്ബ രജിസ്ത്രാർ ആഫീസ്	൧൦൯൩		൧൧൧൪	രജിസ്തർ ചെയ്തതു	൧൦൯൬	വൃശ്ചികം	൧൨	
൨		൧൦൯൩		൫൧			ടി	ടി	
൩		൧൦൯൪	൨	൧൦൩൩			ടി	ടി	
൪		൧൦൯൪		൪൭൧			ടി	ടി	
൫	—	൧൦൯൫		൧൩൦൭			കന്നി	൩	

കൊല്ലം ഡിസ്ത്രിക്ട രജിസ്ത്രാർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മാവെലിക്കര സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്തർ ചെയ്തതിലും നിഷേധിച്ചതിലും കക്ഷികൾ തിരിയെ വാങ്ങിക്കാഴിക നിമിത്തം സൂക്ഷിച്ചു വരുന്നതും രജിസ്ത്രേഷൻ റെഗുലെഷനായ ൧൦൭൦-ാമാണ്ടത്തെ ൧-ാം റെഗുലെഷൻ ൩൩-ാം വകുപ്പനുസരിച്ചുണ്ടായിട്ടുള്ള ൩൩-ാം റൂൾ പ്രകാരം കക്ഷികൾക്കു നോട്ടീസയക്കയും കച്ചേരി മുഖപ്പിലും ഗവർമ്മെന്റു ഗസററിലും പരസ്യം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു രണ്ടു വർഷം കഴിഞ്ഞിട്ടുള്ളതുമായ താഴെ വിവരിച്ചിരിക്കുന്ന ആധാരങ്ങളെ ൩ മാസം കഴിഞ്ഞ ഉടനെ നശിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ ആ വക ആധാരങ്ങളെ ഹാജരാക്കുകയൊ രസീതിനാൽ അധികാരം സിദ്ധിക്കപ്പെടുകയൊ ചെയ്ത ആളുകളൊ അവരുടെ അവകാശികളൊ അവധിക്കകം മുറപൊലെ ആ സബ്ബ രജിസ്ത്രാർ കച്ചേരിയിൽ ഹാജരായി തിരിയെ വാങ്ങിച്ചു കൊള്ളേണ്ടതാകുന്നു.

൧൦൯൭-ാമാണ്ടു ധനുമാസം ൨൯-ന്.

ഡിസ്ത്രിക്ട രജിസ്ത്രാർ ഗോവിന്ദപ്പിള്ള.

നമ്പർ	ആധാരം സൂക്ഷിച്ചു വരുന്ന സബ്ബ രജിസ്ത്രാർ ആഫീസിന്റെ പേര്	ആധാരത്തിന്റെ ആണ്ടു	ആധാരത്തിന്റെ പുസ്തകം	ആധാരത്തിന്റെ നമ്പർ	രജിസ്തർ ചെയ്തതൊ നിഷേധിച്ചതൊ എന്നു	൩൩-ാം റൂളനുസരിച്ചു പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തിയ ആണ്ടു	മാസം	തീയതി	റിമാർക്ക്
൧	മാവെലിക്കര സബ്ബ രജിസ്ത്രാർ ആഫീസ്	൮൭	൧	൧൭൭൬	രജിസ്തർ ചെയ്തതു	൯൩	ആടി	൧൫	
൨		൯൪	൧	൧൨൩൩		൯൫	ചിങ്ങം	൨൧	
൩		൯൪	൨	൪൭	ടി	൯൪	ഇടവം	൩൨	
൪		൯൫	൧	൧൭൯൬	ടി	൯൩	കന്നി	൧൦	
൫		൯൫	൧	൩൨൩	ടി	ടി	ടി	ടി	
൬		൯൬	൧	൧൨൪൨	ടി	ടി	ടി	ടി	
൭		൯൩	൪	൫	നിഷേധിച്ചതു	ടി	ആടി	൧	

കൊല്ലം ഡിസ്ത്രിക്ക രജിസ്ത്രാർ ആപ്പീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കന്നത്തൂർ സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്തർ ചെയ്തതില്ലും നിക്ഷേപിച്ചതില്ലും കക്ഷികൾ തിരെച്ചു വാങ്ങിക്കാഴിക നിമിത്തം സൂക്ഷിച്ചുവരുന്നതും രജിസ്ത്രേഷൻ റെഗുലെഷനായ ൧൦൬൦ ാമാണ്ടത്തെ ൧ാം റെഗുലെഷൻ ൱ാം വകുപ്പനുസരിച്ചുണ്ടായിട്ടുള്ള ൱ാം റൂൾപ്രകാരം കക്ഷികൾക്കു നൊട്ടീസു അയക്കയും കച്ചേരി മുഖപ്പിലും ഗവൎമ്മെണ്ടു ഗസെററിലും പരസ്യം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു, രണ്ടു വൎഷം കഴിഞ്ഞിട്ടുള്ളതുമായ താഴെ വിവരിച്ചിരിക്കുന്ന ആധാരത്തെ ൬ മാസം കഴിഞ്ഞു ഉടനെ നശിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ ആയാധാരത്തെ ഹാജരാക്കുകയൊ രസീതിനാൽ അധികാരം സിദ്ധിക്കപ്പെടുകയൊ ചെയ്ത ആളുകളൊ അവരുടെ അവകാശികളൊ അവധിക്കകം മുമ്പെപൊലെ ആ സബ്ബ രജിസ്ത്രാർ കച്ചേരിയിൽ ഹാജരായി തിരെച്ചു വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു.

൧൦൭൮ ാമാണ്ടു ധനുമാസം ൨൮ നു-

ഡിസ്ത്രിക്ക രജിസ്ത്രാർ ഗൊവിന്ദപ്പിള്ള.

നമ്പർ	ആധാരം സൂക്ഷിച്ചുവരുന്ന സബ്ബ രജിസ്ത്രാർ ആപ്പീസിന്റെ പെർ	ആധാരത്തിന്റെ ആണ്ടു	പുസ്തകം	നമ്പർ	രജിസ്തർ ചെയ്തതൊ നിക്ഷേപിച്ചതൊ എന്നു	൱ാം റൂളനുസരിച്ചു പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തിയ ആണ്ടു	മാസം	തീയതി	റിമാൎക്ക
൧	കന്നത്തൂർ സബ്ബ രജിസ്ത്രാർ ആപ്പീസ്	൧൦൬൫	൧	൨൫൨	രജിസ്തർ ചെയ്തതു	൧൦൭൭	വൃശ്ചികം	൨൨	

കൊല്ലം ഡിസ്ത്രിക്ക രജിസ്ത്രാർ ആപ്പീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തിരുവല്ലാ സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രെജിസ്തർ ചെയ്തതില്ലും നിക്ഷേപിച്ചതില്ലും കക്ഷികൾ തിരെച്ചു വാങ്ങിക്കാഴിക നിമിത്തം സൂക്ഷിച്ചുവരുന്നതും രജിസ്ത്രേഷൻ റെഗുലെഷനായ ൧൦൬൦ ാമാണ്ടത്തെ ൧ാം റെഗുലെഷൻ ൱ാം വകുപ്പനുസരിച്ചു ഉണ്ടായിട്ടുള്ള ൱ാം റൂൾപ്രകാരം കക്ഷികൾക്കു നൊട്ടീസയക്കയും കച്ചേരി മുഖപ്പിലും ഗവൎമ്മെണ്ടു ഗസെററിലും പരസ്യം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു രണ്ടു വൎഷം കഴിഞ്ഞിട്ടുള്ളതുമായ താഴെ വിവരിച്ചിരിക്കുന്ന ആധാരങ്ങളെ ൬ മാസം കഴിഞ്ഞു ഉടനെ നശിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ ആയാധാരങ്ങളെ ഹാജരാക്കുകയൊ രസീതിനാൽ അധികാരം സിദ്ധിക്കപ്പെടുകയൊ ചെയ്ത ആളുകളൊ അവരുടെ അവകാശികളൊ അവധിക്കകം മുമ്പെപൊലെ ആ സബ്ബ രജിസ്ത്രാർ കച്ചേരിയിൽ ഹാജരായി തിരെച്ചു വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു.

൧൦൭൮ ാമാണ്ടു ധനുമാസം ൨൮ നു-

ഡിസ്ത്രിക്ക രജിസ്ത്രാർ ഗൊവിന്ദപ്പിള്ള.

നമ്പർ	ആധാരം സൂക്ഷിച്ചുവരുന്ന സബ്ബ രജിസ്ത്രാർ ആപ്പീസിന്റെ പെർ	ആധാരത്തിന്റെ ആണ്ടു	പുസ്തകം	നമ്പർ	രജിസ്തർ ചെയ്തതൊ നിക്ഷേപിച്ചതൊ എന്നു	൱ാം റൂളനുസരിച്ചു പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തിയ ആണ്ടു	മാസം	തീയതി	റിമാൎക്ക
൧	തിരുവല്ലാ സബ്ബ രജിസ്ത്രാർ ആപ്പീസു	൧൦൬൫	൧	൱൨൩	രജിസ്തർ ചെയ്തതു	൧൦൭൫	കുംഭം	൨൪	
൨		൧൦൬൫	൧	൱൪൩		൧൦൭൫	കുംഭം	൨൪	
൩		൧൦൬൫	൧	[illegible]		൧൦൭൫	കുംഭം	൨൪	
൪		൧൦൬൬	൧	[illegible]		൧൦൭൬	ഇടവം	൩൨	

നമ്പർ ൨൦൬൭.

തിരുവനന്തപുരം ഡിസ്ത്രിക്ട രജിസ്ത്രാരാഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

രജിസ്ത്രേഷൻ റെഗുലെഷന പ്രകാരം കക്ഷികളെക്കൊണ്ടും സാക്ഷിക്കാരെക്കൊണ്ടും രജിസ്ത്രർ ഉദ്യോഗസ്ഥന്മാർ എഴുതിവയ്പിച്ചിട്ടുള്ളതും അപ്രകാരം എഴുതി ഇപ്പോൾ ൧൨ വൎഷം കഴിഞ്ഞിരിക്കുന്നതും ഇതിന താഴെ വിവരിക്കുന്നതുമായ എല്ലാ മൊഴികളെയും മെല്പറഞ്ഞ റെഗുലെഷൻ ൧൮൨ ാം വകുപ്പിലെയും ൧൯ ാം റൂളിലെയും താല്പൎയ്യപ്രകാരം മൂന്നു മാസം കഴിഞ്ഞു ഉടനെ നശിപ്പിക്കുന്നതിന നിശ്ചയിച്ചിരിക്കുന്നതിനാൽ മൊഴികളുടെ പകൎപ്പുകൾക്കു അപെക്ഷയുള്ള ആളുകൾ അവധിയ്ക്കകം അതതു രജിസ്ത്രർ കച്ചെരികളിൽ ഹാജരായി മുറപൊലെ പകൎപ്പുകൾ വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു എന്നു

൧൦൭൮ മാണ്ടു ധനുമാസം ൨൩നു-

തിരുവനന്തപുരം ഡിസ്ത്രിക്ട രജിസ്ത്രാർ സി. ശെഷയ്യൻ.

സബ്‌രജിസ്ത്രാർ ആഫീസുകളിൽ ഇരിപ്പുള്ളതും നശിപ്പിക്കാനുള്ളതുമായ
മൊഴികൾക്കു വിവരം

മൊഴികൾ സൂക്ഷിക്കപ്പെട്ടിട്ടുള്ള സബ്‌രജിസ്ത്രാർ ആഫീസിന്റെ പെർ	അവകൾ ഏതാണ്ടിൽ ഉള്ളതെന്നു	മൊഴികളുടെ എണ്ണം
ഇരണിയൽ	൧൦൬൫	൭൧൨
കുളച്ചൽ	൧൦൬൫	൩൫൨
കൽക്കുളം	൧൦൬൫	൭൧൭൯
വിളവംകൊട	൧൦൬൪ മുതൽ ൧൦൬൫ വരെ	൨൪൭൫
നെയ്യാററിങ്കര	൧൦൬൫	൭ ൭൯൭
നെടുമങ്ങാട	൧൦൬൫	൩൧൧
നെടുമങ്ങാട	൧൦൬൪ മുതൽ ൧൦൬൫ വരെ	൯൬൪
കഴക്കൂട്ടം	൧൦൬൪ മുതൽ ൧൦൬൫ വരെ	൧൨൭൭
ചിറയിൻകീഴ്	൧൦൬൫	൮൧൭൪
തിരുവനന്തപുരം ...	൧൦൬൪ മുതൽ ൧൦൬൫ വരെ	൧൬൯൫൦

Notice

Is hereby given that the Government vaccine Depôt, Trivandrum, will be open for vaccination from 8 to 10 A. M. on all the office days of the ensuing week.

S. RAMAKRISHNA PILLAI L. M. & S.,
District Sanitary Officer
In charge.

Govt. Vaccine Depôt, Trivandrum, 31st Jan. 1903.

നൊട്ടീസ്.

തിരുവനന്തപുരം ഗവൎമ്മെന്റു വാക്സയിൻ ഡിപ്പൊവിൽ വരുന്ന ആഴ്ചയിൽ കച്ചെരിയുള്ള എല്ലാ ദിവസങ്ങളിലും കാലത്തു ൮ മണി മുതൽ ൧൦ മണി വരെ ഗൊവസൂരി പ്രയൊഗം ചെയ്യപ്പെടുന്നതാകുന്നു.

തിരുവനന്തപുരം ഗവൎമ്മെന്റു വാക്സയിൻ
ഡിപ്പൊ സൂപ്രണ്ടെന്റ ജൊലി
നൊക്കുന്ന ഡിസ്ത്രിക്ട സാനി
ട്ടെറി ആപ്പീസർ
എസ്സ. രാമകൃഷ്ണപിള്ള എൽ. എം. എസ്സ്.

ഗവൎമ്മെന്റു വാക്സിയിൻ ഡിപ്പൊ
തിരുവനന്തപുരം ൧൦൭൮ മകരം ൧൮നു-

കൊല്ലം ഡിവിഷൻ കച്ചേരിയിൽ നിന്നും ൧൦൭൭-ാമാണ്ടത്തെ ൩-ാം റിഗുലേഷൻ ൩-ാം വകുപ്പുപ്രകാരം ചെയ്യുന്ന പരസ്യം

പന്തളത്തു ആററിൽ പാലംകെട്ടുന്ന വകക്കു താഴെപ്പറയുന്ന വസ്തു ഗവർൺമെൻറിൽ നിന്നു കൈവശപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു ആ വസ്തുവിന്മേലുള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനുള്ള അവകാശങ്ങളുള്ള ബാദ്ധ്യതയുള്ള ആളുകൾ തന്നെയോ കാര്യസ്ഥൻ മുഖാന്തിരമോ സകല തെളിവുകളോടുംകൂടി പട്ടികയിൽ വിവരിക്കുന്ന തിയതികളിൽ നമ്മുടെ മുമ്പാകെ ഹാജരായി കാര്യവിവര പത്രിക ബോധിപ്പിച്ചു കൊള്ളേണം.

ആ പത്രികയിൽ ഓരോരുത്തർക്കും ഈ വസ്തുവിന്മേലുള്ള ബാദ്ധ്യതയുടെ സ്വഭാവത്തെയും ആ വിധം ബാദ്ധ്യതകൾക്ക വേണ്ട പ്രതിഫലത്തിനുള്ള അവരുടെ അവകാശത്തിന്റെയും വിവരങ്ങളെയും പ്രതിഫലത്തുകയെയും വിവരിച്ചിരിക്കേണ്ടതാകുന്നു.

൧൦൭൮-ാമാണ്ടു മകരമാസം ൻ-ാം — ദിവാൻപേഷ്കാർ രാമരായർ

പന്തളത്തു ആററിൽ പാലംകെട്ടുന്നതിനു എടുക്കേണ്ട വസ്തുക്കളുടെ വിവരം

പട്ടിക നമ്പർ	വസ്തു കിടക്കുന്ന താലൂക്ക പ്രവൃത്തി മുറി	പേരിൽ കിടപ്പുകാരന്റെ പേരു	അവകാശപ്പെട്ട കക്ഷിയുടെ പേരു	എടുക്കേണ്ട വസ്തുവിന്റെ ഇനം	ലക്കം	സർവേ നമ്പർ	എടുക്കേണ്ട ഭൂമിയുടെ വിവരം	വിചാരണ തിയതി
